ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം
# NATIONAL BULLETIN

**DATE: 02.07.2026** **TIME : 07.25 AM**

## പ്രധാന വാർത്തകൾ

1. ഇന്ത്യ-ജപ്പാൻ വാർഷിക ഉച്ചകോടിയിൽ പങ്കെടുക്കുന്നതിനായി ജപ്പാൻ പ്രധാനമന്ത്രി സനെ തകായ്ച്ചി ഇന്ത്യയിലെത്തി. പ്രധാനമന്ത്രി നരേന്ദ്ര മോദിയുമായി ഇന്ന് ചർച്ച.

   **Japanese PM Sanae Takaichi Arrives in India for Annual Summit; to hold talks with PM Narendra Modi today.**

2. വാട്ട്സ്ആപ്പിൽ **username** ഉപയോഗിക്കുന്ന പുതിയ സംവിധാനം ഇന്ത്യയിൽ നടപ്പിലാക്കുന്നത് സംബന്ധിച്ച് മെറ്റയ്ക്ക് നോട്ടീസ് നൽകി കേന്ദ്ര സർക്കാർ.

   **Centre issues notice to Meta regarding implementation of new WhatsApp username feature.**

3. കാൺപൂർ-കബ്രായ് പ്രവേശന നിയന്ത്രിത ഗ്രീൻഫീൽഡ് ഹൈവേയുടെ നിർമ്മാണത്തിന് കേന്ദ്ര മന്ത്രിസഭാ യോഗത്തിൻറെ അംഗീകാരം..

   **Cabinet Approves construction of Kanpur-Kabrai Greenfield Highway.**

4. വാഹനാപകടത്തിൽ മരിച്ചവരുടെയും പരിക്കേറ്റവരുടെയും വാർഷിക വരുമാനം എങ്ങനെ കണക്കാക്കണമെന്നത് സംബന്ധിച്ച മാർഗ്ഗരേഖ പുറപ്പെടുവിച്ച് സുപ്രീം കോടതി.

   **SC lays down guidelines on computation of income of motor accident victims.**

5. **കേരളത്തിൽ വിവിധ ജില്ലകളിൽ ഒറ്റപ്പെട്ട ശക്തമായ മഴയ്ക്ക് സാധ്യത. മൂന്ന് ജില്ലകളിൽ ഇന്ന് മഞ്ഞ ജാഗ്രത. കേരളം-ലക്ഷദ്വീപ്-കർണാടക തീരത്ത് മത്സ്യബന്ധനത്തിന് വിലക്ക്.**

**Isolated Heavy Rain Likely Across Kerala; Yellow Alert Issued for Three Districts; Fishing Banned on Coasts**

6. **ലോകകപ്പ് ഫുട്ബാളിൽ പ്രീക്വാർട്ടറിൽ പ്രവേശിച്ച് ബെൽജിയവും ഇംഗ്ലണ്ടും.**

**In FIFA World Cup, Belgium and England advance to pre-quarterfinals.**

## JAPAN PM VISIT (INTRO)

ഇന്ത്യ-ജപ്പാൻ വാർഷിക ഉച്ചകോടിയിൽ പങ്കെടുക്കുന്നതിനായി ജപ്പാൻ പ്രധാനമന്ത്രി സനെ തകായ്ച്ചി ഇന്ത്യയിലെത്തി. ജപ്പാൻ പ്രധാനമന്ത്രിയുമായി പ്രധാനമന്ത്രി നരേന്ദ്ര മോദി ഇന്ന് ന്യൂഡൽഹിയിൽ ചർച്ചകൾ നടത്തും.

**വിശദാംശങ്ങളിലേക്ക്.........**

മൂന്ന് ദിവസത്തെ സന്ദർശനത്തിനായി ജപ്പാൻ പ്രധാനമന്ത്രി ഇന്നലെ വൈകുന്നേരമാണ് ന്യൂഡൽഹിയിൽ എത്തിയത്. ഇന്ത്യ - ജപ്പാൻ തന്ത്രപ്രധാന ആഗോള പങ്കാളിത്തം ശക്തിപ്പെടുത്തുന്നതിനായി ജപ്പാൻ പ്രധാനമന്ത്രി സനായ് തകായ്ച്ചിയുമായി നടത്തുന്ന ചർച്ചകളെ ഏറെ പ്രതീക്ഷയോടെയാണ് നോക്കിക്കാണുന്നതെന്ന് പ്രധാനമന്ത്രി നരേന്ദ്ര മോദി സമൂഹമാധ്യമത്തിൽ കുറിച്ചു. ഇരുരാജ്യങ്ങളും തമ്മിലുള്ള ഉഭയകക്ഷി സഹകരണത്തിന്റെ എല്ലാ മേഖലകളും ചർച്ചയിൽ അവലോകനം ചെയ്യും. പരസ്പര താൽപ്പര്യമുള്ള പ്രാദേശിക, ആഗോള വിഷയങ്ങളിൽ കാഴ്ചപ്പാടുകൾ പങ്കുവെക്കാൻ ഉച്ചകോടി അവസരമൊരുക്കും. നിരവധി ധാരണാപത്രങ്ങളും ഒപ്പുവെച്ചേക്കും. ജപ്പാൻ പ്രധാനമന്ത്രിയുടെ

ആദ്യ ഔദ്യോഗിക ഇന്ത്യൻ സന്ദർശനമാണിത്. ഇന്ത്യയും ജപ്പാനും തമ്മിലുള്ള പ്രത്യേക തന്ത്രപ്രധാന ആഗോള പങ്കാളിത്തം മുന്നോട്ട് കൊണ്ടുപോകുന്നതിലെ സുപ്രധാന ചുവടുവെപ്പാണ് സന്ദർശനമെന്ന് വിദേശകാര്യ മന്ത്രാലയം അറിയിച്ചു.

ന്യൂസ് ഡെസ്ക് ആകാശവാണി

## REV. WHATSAPP-NOTICE

വാട്ട്സ്ആപ്പിൽ username ഉപയോഗിക്കുന്ന പുതിയ സംവിധാനം ഇന്ത്യയിൽ നടപ്പിലാക്കുന്നത് സംബന്ധിച്ച് കേന്ദ്ര സർക്കാർ മെറ്റയ്ക്ക് നോട്ടീസ് നൽകി. ഇതുസംബന്ധിച്ച് മൂന്ന് ദിവസത്തിനകം വിശദീകരണം നൽകാൻ കേന്ദ്ര ഇലക്ട്രോണിക്സ്, വിവര സാങ്കേതിക മന്ത്രാലയം മെറ്റയോട് നിർദേശിച്ചു. ഈ വിഷയത്തിൽ കൂടിയാലോചനകൾ പൂർത്തിയാകുന്നതുവരെ ഉപയോക്തൃ നാമ സംവിധാനം പുറത്തിറക്കരുതെന്നും മന്ത്രാലയം മെറ്റയോട് നിർദ്ദേശിച്ചു. ഓൺലൈൻ തട്ടിപ്പുകൾ, ഫിഷിങ്, ഡിജിറ്റൽ അറസ്റ്റ് തട്ടിപ്പുകൾ തുടങ്ങിയവ വർധിക്കാനുള്ള സാധ്യത കണക്കിലെടുത്താണ് നടപടി.

## CABINET (INTRO)

ഭോപ്പാൽ-കാൺപൂർ സാമ്പത്തിക ഇടനാഴിയുടെ പ്രധാന ഭാഗമായ കാൺപൂർ-കബ്രായ് പ്രവേശന നിയന്ത്രിത ഗ്രീൻഫീൽഡ് ഹൈവേയുടെ നിർമ്മാണത്തിന് കേന്ദ്ര മന്ത്രിസഭാ യോഗം അംഗീകാരം നൽകി. ഇതിലൂടെ കാൺപൂരിനും കബ്രായിക്കും ഇടയിലുള്ള യാത്രാ സമയം മൂന്നര മണിക്കൂറിൽ നിന്ന് ഒന്നര മണിക്കൂറായി കുറയുമെന്ന് ശ്രീ അശ്വിനി വൈഷ്ണവ് പറഞ്ഞു.

(ഹോൾഡ് വോയ്സസ്...........)

ദ്വാരക എക്സ്പ്രസ് വേയെ ഡൽഹി വസന്ത് കുഞ്ചിലെ നെൽസൺ മണ്ടേല മാർഗുമായി ബന്ധിപ്പിക്കുന്ന എൻഎച്ച്-148AE യ്ക്കായി ആറു വരി തുരങ്കപാത നിർമ്മിക്കുന്നതിനും കേന്ദ്രമന്ത്രിസഭായോഗം ഇന്നലെ അംഗീകാരം നൽകി.

## SITHARAMAN FRANCE VISIT

കേന്ദ്ര ധനമന്ത്രി നിർമ്മല സീതാരാമൻ നാല് ദിവസത്തെ ഔദ്യോഗിക സന്ദർശനത്തിനായി ഫ്രാൻസിലെത്തി. ഇന്ത്യ-ഫ്രാൻസ് തന്ത്രപരമായ പങ്കാളിത്തം, സാമ്പത്തിക സഹകരണം, നിക്ഷേപം, തുടങ്ങിയ വിഷയങ്ങളിൽ ഉഭയകക്ഷി ചർച്ചകളിൽ കേന്ദ്രമന്ത്രി പങ്കെടുക്കും. ഫ്രഞ്ച് ധനമന്ത്രി റോളണ്ട് ലെസ്ക്യൂറിന്റെയും ശ്രീമതി നിർമ്മലാ സീതാരാമന്റെയും അധ്യക്ഷതയിൽ ഇന്ത്യ - ഫ്രാൻസ് സാമ്പത്തിക-ധനകാര്യ ചർച്ചയും നടക്കും.

## SC - MOTOR COMPENSATION

വാഹനാപകടത്തിൽ മരിച്ചവരുടെയും പരിക്കേറ്റവരുടെയും വാർഷിക വരുമാനം ആദായനികുതി റിട്ടേണുകളുടെ അടിസ്ഥാനത്തിൽ കോടതികൾ, എങ്ങനെ കണക്കാക്കണമെന്നത് സംബന്ധിച്ച മാർഗ്ഗരേഖ പുറപ്പെടുവിച്ച് സുപ്രീം കോടതി.

ശമ്പളക്കാരായ വ്യക്തികളുടെ വാർഷിക വരുമാനം തെളിയിക്കാൻ തൊട്ട് മുൻവർഷത്തെ ആദായനികുതി റിട്ടേൺ മതിയാകും. വാഹനാപകട നഷ്ടപരിഹാരത്തിൽ ഏകീകൃത സ്വഭാവം കൊണ്ടുവരാൻ ലക്ഷ്യമിട്ടുള്ള ഒരു സുപ്രധാന വിധിയാണിത്.

## EPFO-INTEREST RATES

2025-26 സാമ്പത്തിക വർഷത്തേക്കുള്ള എംപ്ലോയീസ് പ്രൊവിഡന്റ് ഫണ്ട് നിക്ഷേപങ്ങളുടെ പലിശ നിരക്ക് 8.2 ശതമാനമായി നിശ്ചയിച്ച് ഇപിഎഫ്ഒ വിജ്ഞാപനം പുറപ്പെടുവിച്ചു. തൊഴിൽ മന്ത്രാലയത്തിന്റെ അംഗീകാരം ലഭിച്ചതിനെ തുടർന്നാണ് 1952-ലെ ഇ.പി.എഫ് പദ്ധതി പ്രകാരമുള്ള പുതിയ നിരക്കുകൾ കൊണ്ടുവന്നത്. അംഗങ്ങളുടെ ഇ.പി.എഫ് അക്കൗണ്ടുകളിലേക്ക് അംഗീകൃത പലിശ ലഭ്യമാക്കാൻ റീജിയണൽ, സോണൽ ഓഫീസുകൾക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

## CENSUS

സെൻസസിന്റെ ഭാഗമായി വീടുകളിൽ എത്തിയുള്ള വിവര ശേഖരണം പുരോഗമിക്കുന്നു. സംസ്ഥാനത്ത് ഈ മാസം 30 വരെയാണ് സെൻസസിന്റെ ആദ്യ ഘട്ട പ്രവർത്തനങ്ങൾ നടക്കുക. വീടുകളുടെ സെൻസസും, പട്ടിക തയ്യാറാക്കലും ഈ ഘട്ടത്തിൽ നടക്കും. രണ്ടാം ഘട്ടമായ ജനസംഖ്യ കണക്കെടുപ്പ് 2027 ഫെബ്രുവരിയിലാണ് നടക്കുക.

## RAIN KERALAM

കേരളത്തിൽ വിവിധ ജില്ലകളിൽ ഒറ്റപ്പെട്ട ശക്തമായ മഴ തുടരുമെന്ന് കേന്ദ്ര കാലാവസ്ഥ വകുപ്പ്. കോഴിക്കോട്, കണ്ണൂർ, കാസർഗോഡ് ജില്ലകളിൽ ഇന്ന് മഞ്ഞ ജാഗ്രതയാണ്. കേരളം-

ലക്ഷദ്വീപ് തീരങ്ങളിൽ ശനിയാഴ്ച വരെയും, കർണാടക തീരത്ത് ഞായറാഴ്ച വരെയും മത്സ്യബന്ധനത്തിന് വിലക്കേർപ്പെടുത്തി.

## PLUS ONE (INTRO)

കേരളത്തിൽ പ്ലസ് വൺ മെറിറ്റ് വിഭാഗത്തിലെപ്രവേശനം നാളെ പൂർത്തി യാകും. സപ്ലിമെന്ററി അലോട്ട്മെന്റ് സംബന്ധിച്ച വിവരങ്ങൾ പിന്നീട് പ്രഖ്യാപിക്കും.

**കൂടുതൽ വിവരങ്ങളുമായി തിരുവനന്തപുരത്തു നിന്ന് ആകാശവാണി ലേഖകൻ സ്മിതി എം പള്ളുരുത്തി**

**(VOICE)**

## FIFA WORLD CUP

ലോകകപ്പ് ഫുട്ബാളിൽ ഇന്നലെ നടന്ന നോക്ഔട്ട് മത്സര ത്തിൽ കോങ്കോയെ യെ ഒന്നിനെതിരെ 2 ഗോളിന് പരാജയ പ്പെടുത്തി ഇംഗ്ലണ്ട് പ്രീക്വാർട്ടറിൽ പ്രവേശിച്ചു. മറ്റൊരു മത്സരത്തിൽ സെനെഗലിനെ പെനാൽറ്റി ഷൂട്ടൗട്ടിൽ രണ്ടിനെ തിരെ മൂന്നു ഗോളിന് പരാജയപ്പെടുത്തി ബെൽജിയം പ്രീക്വാർട്ടറിൽ കടന്നു. USA - ബോസ്നിയ ഹെഴ്സഗോവിന മത്സരം പുരോഗമിക്കുന്നു. യു എസ് എ ഒരു ഗോൾ നേടി യിട്ടുണ്ട്.

## INDIA ENGLAND - CRICKET

ഇന്ത്യ- ഇംഗ്ലണ്ട് അന്താരാഷ്ട്ര ട്വന്റി-20 ക്രിക്കറ്റ് പരമ്പരയിലെ ആദ്യ മത്സരം മഴമൂലം ഉപേക്ഷിച്ചു. ആദ്യം ബാറ്റ് ചെയ്ത ഇന്ത്യ നിശ്ചിത 20 ഓവറിൽ 7 വിക്കറ്റ് നഷ്ടത്തിൽ 189 റൺസ് നേടി

യെങ്കിലും, മഴ മൂലം മത്സരം തടസ്സപ്പെട്ടതിനാൽ ആതിഥേയരായ ഇംഗ്ലണ്ടിന് ബാറ്റ് ചെയ്യാൻ അവസരം ലഭിച്ചില്ല.
അഞ്ച് മത്സര പരമ്പരയിലെ രണ്ടാമത്തെ മത്സരം ശനിയാഴ്ച മാഞ്ചസ്റ്ററിൽ നടക്കും.

## MORN. AVIATION - PINS

രാജ്യത്തെ വ്യോമയാനരംഗത്ത് ആദ്യ സ്വകാര്യ 'പോയിന്റ്-ഇൻ-സ്പേസ്' ഹെലികോപ്റ്റർ ഗതിനിർണ്ണയ പ്രക്രിയയ്ക്ക് ഡയറക്ടറേറ്റ് ജനറൽ ഓഫ് സിവിൽ ഏവിയേഷൻ അംഗീകാരം നൽകി.
ആന്ധ്രാപ്രദേശിലെ ഉണ്ടാവല്ലി ഹെലി പോർട്ടിലാണ് ഹെലികോപ്റ്റർ സർവീസുകൾ കൂടുതൽ സുരക്ഷിതമാക്കുന്ന ഈ അത്യാധുനിക സംവിധാനം നിലവിൽ വരുന്നത്.
പരമ്പരാഗത ലാൻഡിംഗ് സൗകര്യങ്ങളില്ലാത്ത ഹെലിപോർട്ടുകളിൽ പോലും കൃത്യത യോടെയും സുരക്ഷിതമായും ഹെലികോപ്റ്ററുകൾ ഇറക്കാൻ സഹായിക്കുന്ന ഉപഗ്രഹ അധിഷ്ഠിത നാവിഗേഷൻ സാങ്കേതികവിദ്യയാണിത്. മോശം കാലാവസ്ഥയുള്ളപ്പോഴും, സാധാരണ നാവിഗേഷൻ സംവിധാനങ്ങൾ ലഭ്യമല്ലാത്ത പ്രദേശങ്ങളിലും ഈ സംവിധാനം ഏറെ ഫലപ്രദമാണെന്ന് വ്യോമയാന മന്ത്രാലയം വ്യക്തമാക്കി.

## US and IRAN - DOHA TALKS

ഇറാനും അമേരിക്കയും തമ്മിൽ ദോഹയിൽ നടത്തിവന്ന ചർച്ചകൾ അവസാനിച്ചു. ഇറാന്റെ ആണവ പദ്ധതി, 14 ഇന ധാരണാപത്രം നടപ്പിലാക്കൽ, ഹോർമൂസ് കടലിടുക്ക് തുറക്കുക എന്നിവയാണ് പ്രധാനമായും ചർച്ചയായത്. ഇറാന്റെ മുൻ പരമോന്നത നേതാവ് അലി ഖമനയിയുടെ സംസ്കാര ചടങ്ങുകൾക്ക് ശേഷം ചർച്ചകൾ പുനരാരംഭിക്കാൻ

ധാരണയായതായി ഖത്തർ അറിയിച്ചു. ഖത്തർ, പാകിസ്ഥാൻ എന്നീ രാജ്യങ്ങളാണ് ചർച്ചയ്ക്ക് മധ്യസ്ഥത വഹിക്കുന്നത്.

## VENEZUELA EARTHQUAKE - DEATH TOLL

വെനസ്വേലയിലുണ്ടായ തുടർച്ചയായ ഭൂകമ്പങ്ങളിൽ മരണ സംഖ്യ 2,295 ആയി ഉയർന്നതായും 11,000 ത്തിലധികം ആളുകൾക്ക് പരിക്കേറ്റതായും നാഷണൽ അസംബ്ലി പ്രസിഡന്റ് ജോർജ്ജ് റോഡ്രിഗസ്. ഏകദേശം 10,000 ത്തോളം ആളുകൾക്ക് വീട് നഷ്ടപ്പെട്ടതായും അദ്ദേഹം അറിയിച്ചു. ഏഴ് ദിവസങ്ങൾ പിന്നിട്ടിട്ടും രാജ്യത്ത് രക്ഷാപ്രവർത്തനം തുടരുകയാണ്.

## PM - DIGITAL INDIA

ഡിജിറ്റൽ ഇന്ത്യ സംരംഭത്തിലൂടെ ജനങ്ങളെ ശാക്തീകരിക്കാനും, വികസനം ശക്തിപ്പെടുത്താനും സാധിച്ചതായി പ്രധാനമന്ത്രി നരേന്ദ്രമോദി. ജനജീവിതം സുഗമമാക്കുന്നതിനുള്ള ശക്തമായ മാർഗ്ഗമാണ് സാങ്കേതിക വിദ്യ എന്നും ഡിജിറ്റൽ ഇന്ത്യ സംരംഭം 11 വർഷം പൂർത്തിയാക്കുന്നതുമായി ബന്ധപ്പെട്ട് അദ്ദേഹം പറഞ്ഞു.

## VB G RAM G - IMPLEMENT

ഗ്രാമീണ മേഖലയിലെ ജനങ്ങൾക്ക് തൊഴിലും ഉപജീവനവും ഉറപ്പാക്കുന്ന വിബി- ജി റാം ജി പ്രാബല്യത്തിൽ വന്നു. ഗ്രാമീണ കുടുംബങ്ങൾക്ക് തൊഴിൽ ദിനങ്ങൾ, 100 ൽ നിന്നും 125 ആയി ഉയരും. പുതുക്കിയ വേതന നിരക്കുകളും പ്രാബല്യത്തിൽ

വന്നു. ഇതോടെ കേരളത്തിലെ പ്രതിദിന തൊഴിലുറപ്പ് വേതനം 401 രൂപയായി.